Draft #3 of File ACBI/3/6789/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Jan-2022 12:47 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകൾ - അദ്ധ്യാപകരുടെ സ്റ്റാഫ് പ്രൊഫൈൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നത് സംബന്ധിച്ച് ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ ഡീനിന്റെ ശുപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3,വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 648/AC B 1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.01.2022

---

*പരാമർശം:*-1. സ്റ്റാഫ് പ്രൊഫൈൽ സാക്ഷ്യപ്പെടുത്തുന്നതിനായി വിവിധ അഫിലിയേറ്റഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ നിന്നും സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ.

2. 26.09.2020 തീയതിയിലെ 4298/ACB1/2020/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്.

**ഉത്തരവ്**

സർവകലാശാലയുടെ കീഴിലുള്ള ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകൾക്ക് എൻ.സി.ടി.ഇ -യുടെ അംഗീകാരം ലഭിക്കുന്നതിനും, ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സ്റ്റാഫ് പ്രൊഫൈൽ പരിശോധിച്ച്, രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി നൽകാറുണ്ട്.

ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ പ്രിൻസിപ്പലിന്/ അദ്ധ്യാപകർക്ക് യു.ജി.സി റഗുലേഷൻസ് നിഷ്കർഷിക്കുന്ന നിർദ്ദിഷ്ട യോഗ്യതയുണ്ടോ എന്ന് പരിശോധിച്ചാണ് ആയത് സാക്ഷ്യപ്പെടുത്തി നൽകി വന്നിരുന്നത്. എന്നാൽ ട്രെയിനിംഗ് കോളേജുകളുടെ റഗുലേറ്ററി ബോഡി എൻ.സി.ടി.ഇ ആയതിനാൽ പ്രസ്തുത കോളേജുകളിലെ സ്റ്റാഫ് പ്രൊഫൈൽ എൻ സി ടി ഇ റഗുലേഷൻസ് അടിസ്ഥാനപ്പെടുത്തി നൽകണമെന്ന് പല കോളേജുകളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയം സർവകലാശാല പരിശോധിക്കുകയും, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ ഡീനിന്റെ വിദഗ്ദ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ നിയമിതരാകുന്ന അദ്ധ്യാപകരുടെ യോഗ്യത, എൻ.സി.ടി.ഇ -യുടെ 2014/2017 റെഗുലേഷൻസ് അനുശാസിക്കും പ്രകാരമായിരിക്കണമെന്നത് അംഗീകരിക്കുന്നതിനും, അത് അടിസ്ഥാനപ്പെടുത്തി, പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സ്റ്റാഫ് പ്രൊഫൈൽ സാക്ഷ്യപ്പെടുത്തി നൽകുന്നതിനും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ 2014 എൻ സി ടി ഇ റഗുലേഷൻസ് നിലവിൽ വരുന്നതിന് മുൻപ് നിയമിതരായ അദ്ധ്യാപകർ, തങ്ങൾക്ക് നിയമന കാലയളവിൽ എൻ.സി.ടി.ഇ റഗുലേഷൻസ് 2009 പ്രകാരം മതിയായ യോഗ്യതകൾ ഉണ്ടായിരുന്നു എന്ന് അവകാശപ്പെട്ട് സർവ്വകലാശാലയ്ക്ക് പരാതി സമർപ്പിച്ചിരുന്നു. ആയതിനാൽ, ടി വിഷയത്തിൽ കൂടി ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷന്റെ

അഭിപ്രായം ആരായുകയും, പ്രസ്തുത വിഷയത്തിന്മേൽ ഡീനിന്റെ താഴെ പറയുന്ന പ്രകാരമുള്ള ശുപാർശ , മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3,വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

"സർവ്വകലാശാലയ്ക്ക് കീഴിലുള്ള ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ 09.6.2017 ന് ശേഷമുള്ള അദ്ധ്യാപക നിയമനങ്ങൾക്ക് എൻ.സി.ടി.ഇ 2017 റഗുലേഷനും, 09.6.2017 ന് മുൻപുള്ള നിയമനങ്ങൾക്ക് എൻ.സി.ടി.ഇ 2014 റഗുലേഷനും, എൻ.സി.ടി.ഇ 2014 റഗുലേഷൻ നിലവിൽ വരുന്നതിന് മുൻപുള്ള നിയമനങ്ങൾക്ക് എൻ.സി.ടി.ഇ 2009 റഗുലേഷനും ബാധകമാക്കി, അതാത് നിയമനകാലത്ത് നിലവിലുണ്ടായിരുന്ന റഗുലേഷന്റെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ പ്രൊഫൈൽ സാക്ഷ്യപ്പെടുത്തി നൽകാവുന്നതാണ്"

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ പി എസ്
2. രജിസ്ട്രാറുടെ /പരീക്ഷ കൺട്രോളറുടെ പി എ
3. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ /ഐ.ക്യു.എ.സി/ സി ഡി 1 സെക്ഷൻ.
4. കരുതൽ ഫയൽ /റെക്കോർഡ്സ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File ACBI/3/6789/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Jan-2022 12:47 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം